പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3777

26.06.2012-ൽ മറുപടി പറയേണ്ടിയിരുന്നത്

## സായ്-യുടെ സെന്റർ ഫോർ എക്സലൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സെന്റർ ഓഫ് എക്സലൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;<br><br>(സി) ഏതെല്ലാം കായിക ഇനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുക ; | (ബി) & (സി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ നടപ്പാക്കി വരുന്ന പദ്ധതിയാണ് സെന്റർ ഓഫ് എക്സലൻസ് പദ്ധതി. 25 വയസ്സിൽ താഴെ പ്രായമുള്ളവരും ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വച്ചു വരുന്ന ഉദ്യോഗാർത്ഥികൾക്കും ഏറ്റവും മികച്ച പരിശീലനം നൽകുന്ന പദ്ധതിയാണിത്. നിലവിൽ അത്‌ലറ്റിക്സ്, വോളീബോൾ, സൈക്ലിംഗ്, സ്വിമ്മിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലനം നൽകി വരുന്നത്. തിരുവനന്തപുരത്തുള്ള എൽ.എൻ.സി.പി ഇ-യിലാണ് ടി പദ്ധതി പ്രകാരം പരിശീലനം നൽകുന്നത്. |
| (ഡി) എത്ര പേർക്ക് പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ പരിശീലനം നൽകാനാകുമെന്ന് വിശദമാക്കാമോ ; | (ഡി), അത്‌ലറ്റിക്സ്, സൈക്ലിംഗ്, വോളിബോൾ എന്നീ ഇനങ്ങളിൽ 56 പേർക്ക് പരിശീലനം നൽകാനാവും. |
| (ഇ) ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഇ) ഇല്ല. |
| (എഫ്) എങ്കിൽ, ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ ? | (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ